## Syro-Malabar Eparchy of St Thomas the Apostle, Melbourne, Australia

MY LORD MY GOD

Prot.No.MPL: 39/21/56

**സർക്കുലർ**

**രൂപതാദിനം - 2021**

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

2014 മാർച്ച് 25 ന് ഉദ്ഘാടനം ചെയ്യപ്പെട്ട നമ്മുടെ രൂപത ഏഴു വർഷം പൂർത്തിയാക്കുന്ന ഈ അവസരത്തിൽ, ഇന്ന് (മാർച്ച് 21 ഞായർ) രൂപതാദിനമായി ലളിതമായ രീതിയിൽ ആചരിക്കാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

നാളിതുവരെ നല്ല തമ്പുരാൻ നമുക്കു നൽകിയ നന്മകളെ ഓർത്ത് നമുക്കു നന്ദി പറയാം. നമ്മുടെ രൂപതയിൽ ഇപ്പോൾ 13 ഇടവകകളും 37 മിഷനുകളുമാണ് ഉള്ളത്. അകലങ്ങളിൽ വസിക്കുന്ന വിശ്വാസിസമൂഹങ്ങൾക്ക് കുർബാന സൗകര്യങ്ങളും മതബോധന ക്ലാസ്സുകളും ഇനിയും സജ്ജീകരിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള ഇടവകകളും മിഷനുകളും കൂടുതൽ സജീവമാകേണ്ടതുമുണ്ട്.

നമ്മുടെ ആത്മീയ-അജപാലന ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട അച്ചന്മാരെയും അൽമായ നേതാക്കളെയും നമുക്ക് നന്ദിയോടെ ഓർക്കാം. രൂപതാ-ഇടവക പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കുന്നവരെ ദൈവം അനുഗ്രഹിക്കട്ടെ. സഹകരിക്കാതെ മാറിനിൽക്കുന്നവരെ ഇടവകസമൂഹത്തിൽ ഉൾച്ചേർന്നു പ്രവർത്തിക്കാൻ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

ഇന്നത്തെ കുർബാനയിൽ രൂപതയെയും രൂപതയുടെ നിയോഗങ്ങളെയും പ്രത്യേകം ഓർത്തു പ്രാർത്ഥിച്ച് കാഴ്ചവയ്ക്കുമല്ലോ. രൂപതാ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി സഹകരിക്കാനും രൂപതയെ എല്ലാവിധത്തിലും ഔദാര്യപൂർവ്വം സഹായിക്കാനും നിങ്ങൾ ശ്രമിക്കുമല്ലോ.

ഇന്നത്തെ കുർബാനയ്ക്കിടയ്ക്കുള്ള സ്തോത്രക്കാഴ്ച രൂപതയുടെ പൊതു ആവശ്യങ്ങൾക്കുവേണ്ടിയാണെന്ന കാര്യം പ്രത്യേകം ഓർക്കുമല്ലോ. രൂപതയെ സാമ്പത്തികമായി സഹായിക്കാൻ സാധിക്കുന്നവർ അതിനു ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകളിലൂടെ കടന്നുപോകുന്ന ഈ സാഹചര്യത്തിൽ നിങ്ങളുടെ സഹായം വലിയ കൈത്താങ്ങായിരിക്കും.

നല്ലവനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഏവർക്കും നന്ദി.

നമ്മുടെ രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥ പരിശുദ്ധ ദൈവമാതാവിന്റെ മാദ്ധ്യസ്ഥ്യം യാചിച്ചുകൊണ്ട്,

സ്നേഹത്തോടെ, നിങ്ങളുടെ പിതാവ്
+ബോസ്കോ പുത്തൂർ

2021 മാർച്ച് 19
(വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ)

NB: ഈ സർക്കുലർ 2021 മാർച്ച് 21 (ഞായർ) കുർബാനയ്ക്കിടെ വായിക്കേണ്ടതാണ്.